# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -855 10.02.2016 ൽ മറുപടിയ്ക്ക്

**നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ:** | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഏറനാട് മണ്ഡലത്തിലെ എത്ര പദ്ധതികളെയാണ് നബാർഡ് ആർ.ഐ. ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തു ന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് അറിയിക്കുമോ; | (എ) ആർ.ഐ.ഡി.എഫ്-14 ൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിലെ ചീക്കോടും സമീപപ്രദേശങ്ങളിലേക്കുമുള്ള കുടി വെള്ള പദ്ധതിക്ക് 2008-ൽ 8072.27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏറനാട് മണ്ഡല ത്തിൽപ്പെട്ട കുഴിമന്ന പഞ്ചായത്തിലേക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്. ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റു കളാണ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടു ള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തു ന്നതിനായി എടവണ്ണ പഞ്ചായത്തിലെ മഞ്ചേരി തോടിന് കാലിയിറക്കം കുണ്ടിൽ ചെക്ക് ഡാം നിർമ്മാണം (45.00 ലക്ഷം), കീഴുപറമ്പ് പഞ്ചായത്തിലെ നൂറാം തോടിന് തേക്കും തോട്ടം ഭാഗത്ത് വി.സി.ബി.കം ബ്രിഡ്ജ് (37.00 ലക്ഷം) എന്നീ പ്രവൃത്തി കളുടെ ശുപാർശ ചീഫ് എഞ്ചിനീയർ (ഐ&എ) നല്കിയിരുന്നെങ്കിലും സെക്ടറൽ അലോക്കേഷൻ തുകയുടെ കുറവു കാരണം നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തു ന്നതിനായി നബാർഡിൽ അയച്ചു കൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**